# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T4422 | 25-10-2016-ൽ മറുപടിക്ക്

### ഗെയിൽ പദ്ധതി

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി

(എ) നിർദ്ദിഷ്ട ഗെയിൽ പദ്ധതി നടപ്പിലാവുമ്പോൾ മലബാർ മേഖലയിൽ, പ്രത്യേകിച്ച് കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകൾക്ക് എങ്ങനെ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ ?

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഗെയിൽ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി പൂർത്തിയാകുന്നതോടെ മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (CGD) പദ്ധതി നിലവിൽ വരും.

പാചക വാതകം (PNG) പൈപ്പുകളിലൂടെ വീടുകളിൽ ലഭിക്കുമ്പോൾ ചെലവ് എൽപിജിയേക്കാൾ 30% കുറവായിരിക്കും.

വാഹനങ്ങൾക്ക് സി.എൻ.ജി ലഭ്യമാകുമ്പോൾ 39 രൂപ വിലയുള്ള ഒരു കിലോ സി.എൻ.ജിക്ക് 69 രൂപ വിലയുള്ള ഒരു ലിറ്റർ പെട്രോളിൽ നിന്നും ലഭിക്കുന്നതിനേക്കാൾ 20% കൂടുതൽ മൈലേജ് ലഭിക്കുന്നു.

മലപ്പുറം, കോഴിക്കോട്, എന്നീ ജില്ലകളിലൂടെ ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുമ്പോൾ പൈപ്പ്ലൈൻ മലബാറിന്റെ ഒരു വ്യാവസായിക ഇടനാഴിയായി രൂപപ്പെടുകയും ഇതുവഴി മലബാറിലേക്ക് പുതിയ വ്യവസായങ്ങൾ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള വ്യവസായ ശാലകൾക്ക് കുറഞ്ഞ ചിലവിൽ ഇന്ധനം ലഭ്യമാക്കുന്നതിലൂടെ ഇന്ധനചിലവ് ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും.

പ്രകൃതി വാതകം ഉപയോഗിക്കുമ്പോൾ മറ്റു ഇന്ധനങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ അന്തരീക്ഷമലിനീകരണം 20% കുറയും.

ഇടയ്ക്കിടെ ഉണ്ടാകുന്ന എൽപിജി ടാങ്കർ അപകടങ്ങൾ, എൽപിജി സിലിണ്ടർ അപകടങ്ങൾ എന്നിവ ഒഴിവാക്കാൻ പൈപ്പ് ലൈൻ വഴിയുള്ള ഗ്യാസ് വിതരണ പദ്ധതി സഹായകമാണ്.

സെക്ഷൻ ഓഫീസർ